ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-ലെ കേരള ധനകാര്യ ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

## ക്രമപ്രശ്നം

### ധനകാര്യബില്ലിലെ പ്രൊവിഷനുകൾ

ശ്രീ. കെ. എം. മാണി: സർ, ബഡ്ജറ്റിലെ 230-ാം നമ്പർ പാരായിൽ ഭൂമിയുടെ ഫെയർ വാല്യു 2010 ഏപ്രിൽ 1-ന് നിലവിൽ വരുമെന്ന് പ്രഖ്യാപിച്ചിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടി നിയമത്തിലെ വിവിധ ഭേദഗതികൾ അങ്ങ് നിർദ്ദേശിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഫെയർ വാല്യു ഇതുവരെ നടപ്പിലായിട്ടില്ല. അതുകൊണ്ട് ബഡ്ജറ്റിലെ സ്റ്റാമ്പ് ഡ്യൂട്ടി നിയമ നിർദ്ദേശങ്ങൾ മുഴുവൻ mockery ആയിരിക്കുന്നു. നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല, നടപ്പിൽ വരികയുമില്ല. ആ കാര്യത്തെ സംബന്ധിച്ച് എനിക്ക് യാതൊരു സംശയവുമില്ല. സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂളിൾ 21, 22.... എനിക്ക് പ്രസംഗം കൂടിയുണ്ട് അതുകൊണ്ട് പ്രസംഗം വരുമ്പോൾ ഞാൻ എക്സ്പ്ലനേഷൻ നൽകാം, ഇപ്പോൾ ചില കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു. സ്റ്റാമ്പ് ആക്ടിലെ ഷെഡ്യൂൾ 21, 22 കൺവെയൻസിനെ സംബന്ധിച്ചാണ്. ഭൂമി വിൽക്കുകയോ വാങ്ങുകയോ ഒക്കെ ചെയ്യുന്നത് കൺവെയൻസാണ്. ഷെഡ്യൂളിലെ ഐറ്റം 31 ഇഷ്ട ദാനമാണ്, ഷെഡ്യൂൾ 42 ഭാഗ ഉടമ്പടിയാണ്, ഷെഡ്യൂൾ 51 ഡവറാണ്. ഈ ഇനങ്ങളിലുള്ള കാരണങ്ങൾക്ക് മുഴുവൻ ഫെയർ വാല്യുവിന്റെ നിർദ്ദിഷ്ട നിരക്കിലുള്ള ഡ്യൂട്ടി വസൂലാക്കുമെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്, അതാണ് ബില്ലിലും കൊണ്ടുവന്നിരിക്കുന്നത്. ഇതെല്ലാം നിർദ്ദിഷ്ട രീതിയിലുള്ള ഫെയർ വാല്യുവിന്റെ ഇത്ര ശതമാനം ഈടാക്കുമെന്നാണ്. ഈ ബില്ലിൽ ഒരു ഡിക്ലറേഷനുണ്ട്. 1985-ലെ നിയമത്തിന്റെ 4-ാം വകുപ്പിൽ പറയുന്ന ഡിക്ലറേഷൻ, ഇതോടൊപ്പം വച്ചിട്ടുണ്ട്. ആ ഡിക്ലറേഷനോടുകൂടി ഫിനാൻസ് ബില്ല് വച്ചാൽ...., ആ ഡിക്ലറേഷൻ ബില്ലിന്റെ പേജ് 30-ൽ പറയുന്നുണ്ട്, "It is hereby declared that it is expedient in the public interest that all the provisions of this Bill shall have effect from the 1st day of April, 2010 under the Kerala Provisional Collection of Revenues Act, 1985.(10 of 1985)." ഈ നിയമം ഞാനാണ് നിയമസഭയിൽ കൊണ്ട് വന്നതും പാസ്സാക്കിയതും, 1985-ലെ Kerala Provisional Collection of Revenues Act. അനുസരിച്ച് ഈ ഡിക്ലറേഷനോട് കൂടി ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ടാക്സേഷൻ പ്രൊപ്പോസൽ കൊണ്ട് വന്നാൽ ഏപ്രിൽ ഒന്ന് മുതൽ നടപ്പിലാക്കും. ഈ ബില്ലിന്റെ ആമുഖത്തിൽ ഒന്നാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽ തന്നെ പറയുന്നുണ്ട്, "It shall come into force on the 1st of April, 2010." ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യമേ ചോദിക്കുന്നുള്ളൂ; ഏപ്രിൽ 1-ാം തീയതി നടപ്പിലായിട്ടില്ലാത്ത, കാരണം ഫെയർ വാല്യു ഇല്ലല്ലോ? ഫെയർ വാല്യു ഇല്ലാത്തതുകൊണ്ട് ഇത് നടപ്പിലായിട്ടില്ല. ഏപ്രിൽ 1-ാം തീയതി നടപ്പിലായിട്ടില്ലാത്ത, നടപ്പിലാക്കാൻ കഴിയാത്ത, വേണ്ടെങ്കിൽ ഇനി സെപ്റ്റംബറിലേ വരൂ, നടപ്പിലാക്കാൻ കഴിയാത്ത കാര്യങ്ങൾ ഏപ്രിൽ 1-ാം തീയതി നടപ്പിലായിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ഈ ഫിനാൻസ് ബിൽ കൊണ്ടുവന്നിരിക്കുന്നത് ശരിയാണോ? ഇത് കളവല്ലേ? ഏപ്രിൽ 1-ാം തീയതി നടപ്പിലായിരിക്കുന്നു എന്നുപറഞ്ഞുകൊണ്ട് കൊണ്ടുവന്നിരിക്കുന്ന ഈ നിയമത്തിൽ, ഏപ്രിൽ 1-ാം തീയതി നടപ്പിലാക്കാൻ കഴിയാത്ത, നടപ്പിലായിട്ടില്ലാത്ത, ഭാവിയിൽ മാത്രം നടപ്പിലാകുന്ന കാര്യങ്ങൾ ഏപ്രിൽ 1-ാം തീയതി നടപ്പിലായിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് വന്നിരിക്കുന്ന ഈ ബിൽ ബോഗസ് ബില്ലാണ്, ഇത് വ്യാജമാണ്. ഇത് ഓർഡറിലാണോ? അങ്ങ് ഇത് പറയണം. അതുകൊണ്ട് ഈ രീതിയിൽ ഈ ബില്ല് ഇവിടെ വയ്ക്കുന്നത് ഓർഡറിലല്ല. രണ്ടാമത്, കുറെ അധികം വിഷയങ്ങളുണ്ട്. അത് ഞാൻ എന്റെ പ്രസംഗത്തിലേക്ക് മാറ്റുകയാണ്. ഔട്ട്സൈഡ് ബഡ്ജറ്റിൽ കൊണ്ടുവന്നിരിക്കുന്ന രണ്ട്-മൂന്ന് വിഷയങ്ങൾ പറയാം. മറ്റ് ഒരുപാട് വിഷയങ്ങളുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശം വയ്ക്കാത്തതാണ്. ഫിനാൻഷ്യൽ പ്രൊപ്പോസൽ ബഡ്ജറ്റ് പ്രസംഗത്തിൽ ഇല്ലാത്തതാണ് ഫിനാൻസ് ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. അത് നടപടിക്രമങ്ങൾക്ക് എതിരാണ്. ഷെഡ്യൂൾ 29 ഭൂമി കൈമാറ്റം, അതിന് ഫെയർവാല്യു ആപ്ലിക്കബിൾ ആക്കിയിരിക്കുന്നു. അത് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടേയില്ല. അതുപോലെ വേറൊരു ഉദാഹരണം, ഷെഡ്യൂൾ 21, 22 കൺവേയൻസിന് മേൽ ഒരു മാറ്റം വരുത്തി. ഷെഡ്യൂൾ 21, 22 കൺവേയൻസിന് മേൽ ഒരു മാറ്റം വരുത്തിയതിന്റെ കോൺസിക്വൻഷ്യലായിട്ടുള്ള മാറ്റം വേറെ ചില വകുപ്പുകളിൽ വന്നുപോയി. അത് മന്ത്രി അറിയാതെ ആയിരിക്കും. ഷെഡ്യൂൾ 21, 22 ഭേദഗതി ചെയ്തപ്പോൾ ആട്ടോമാറ്റിക്ക് ആയിട്ട് കോൺസിക്വൻഷ്യലായിട്ട് വന്ന് ഭവിച്ചത് ഏതാണെന്ന് ചോദിച്ചാൽ ഐറ്റം 30, 37 ഇനങ്ങളിൽപ്പെടുന്ന ഒറ്റി, മോർട്ട്ഗേജ് എന്നീ വിഷയങ്ങൾക്കും ഫെയർ വാല്യു ആപ്ലിക്കബിൾ ആയി. ഷെഡ്യൂൾ 33-പാട്ടം ഫെയർ വാല്യു ആപ്ലിക്കബിൾ ആയി, ഷെഡ്യൂൾ 56-പാട്ടം കൈമാറ്റം ഫെയർ വാല്യു ആപ്ലിക്കബിൾ ആയി, ഷെഡ്യൂൾ 57-ട്രസ്റ്റ് ഫെയർ വാല്യു ആപ്ലിക്കബിൾ ആയി. ഇതൊന്നും ബഡ്ജറ്റിലില്ലാത്തതാണ്. ഈ ഐറ്റംസ് ഒന്നും ബഡ്ജറ്റിലെ ഫിനാൻഷ്യൽ പ്രൊപ്പോസലിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ട് വരാത്ത പുതിയ വിഷയങ്ങൾ മുഴുവൻ ഈ ഫിനാൻസ് ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത് ഓർഡറിലല്ല.

LIBRARY ARCHIVES Kerala Legislative Assembly

11.00 A.M.] അതുപോലെ ഫെയർ വാല്യൂ എന്നുപറയുന്നത് ഭൂമി സംബന്ധമായ കാരണങ്ങളെ സംബന്ധിച്ചാണ്. ഇമ്മൂവബിൾ പ്രോപ്പർട്ടി എന്നു പറയുന്നത് ഭൂമി മാത്രമല്ല അതിൽ ഫ്ളാറ്റ് വരാം, കെട്ടിടങ്ങൾ വരാം. ഇമ്മൂവബിൾ പ്രോപ്പർട്ടി എന്നുപറയുന്നത് ഭൂമി ഒഴികെയുള്ള സ്ഥാവര ജംഗമ വസ്തുക്കളാണ്. ആ സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഫെയർ വാല്യൂ ആപ്ലിക്കബിൾ ആക്കിയിരിക്കുന്നു. ഇത് ബഡ്ജറ്റിൽ വിഭാവനം ചെയ്യാത്തതാണ്, ബഡ്ജറ്റിൽ പറയാത്തതാണ്. ഇങ്ങനെയുള്ള നിരവധി വിഷയങ്ങൾ ഉണ്ട്. ബഡ്ജറ്റിൽ പ്രൊപ്പോസ് ചെയ്യാത്ത പുതിയ ഇനങ്ങൾ ഇപ്പോൾ ഈ ബില്ലിനകത്ത് കൊണ്ടുവന്നിരിക്കുന്നു. ഈ ബില്ലിനകത്ത് നിയമത്തിൽ ഭേദഗതി വരുത്തിയിരിക്കുകയാണ്. ഇത് ഓർഡറിലല്ല. അതുകൊണ്ട് അങ്ങ് ഇത് കാര്യമായി ഓർഡർ ചെയ്യണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ബില്ലിലെ 3-ാം ഖണ്ഡത്തിൽ (1) ആയി ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. 30(എ) അത് കേരള മുദ്രപ്പത്ര ആക്ടിലെ ഭേദഗതിയാണ്. മുദ്രവിലയിന്മേൽ സർചാർജ്ജ് ഇല്ല. 1994-ലെ പഞ്ചായത്ത് ആക്ടിലോ 1994-ലെ കേരള മുനിസിപ്പൽ ആക്ടിലോ എന്തു തന്നെ അടങ്ങിയിരുന്നാലും ഒരു കരണത്തിന്മേൽ ഒരു ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷനോ മുദ്ര വിലയിന്മേൽ സർചാർജ്ജ് ചുമത്തുവാനോ സമാഹരിക്കുവാനോ പാടില്ല. ഇത് മുദ്രപ്പത്ര ആക്ടിലാണ് ഭേദഗതി കൊടുത്തിരിക്കുന്നത്. പഞ്ചായത്ത് ആക്ടിലോ മുനിസിപ്പാലിറ്റി ആക്ടിലോ ഇതിനെക്കുറിച്ച് ഭേദഗതി കൊണ്ടുവന്നിട്ടില്ല. നമ്മുടെ ഭരണഘടനയിലെ 73, 74 ഭേദഗതി അനുസരിച്ചാണ് നമ്മുടെ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങൾ ഇവിടെ വന്നത്. വളരെ സമ്പൂർണ്ണമായ ഒരു നിയമമാണ് പഞ്ചായത്തീരാജ്, മുനിസിപ്പൽ നിയമങ്ങൾ. അതിൽ ഭേദഗതി വരുത്താതെ സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തി പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കുമുള്ള അധികാരത്തിൽ കടന്നുകയറുന്നത് ശരിയല്ല. ഫൈനാൻസ് ബില്ലിലൂടെ ഏത് സമ്പൂർണ്ണ നിയമത്തിലും കടന്നുകയറാമെന്നുള്ള സമീപനം തെറ്റാണ്. അത് തെറ്റായ കീഴ്വഴക്കമാണ് സൃഷ്ടിക്കുക. പിന്നെ ഒരു കാര്യംകൂടി എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. കാരണം പഞ്ചായത്ത് ആക്ടും മുനിസിപ്പാലിറ്റി ആക്ടും വായിച്ചിട്ട് വേണമായിരുന്നു ഈ നിയമമുണ്ടാക്കാൻ. കേരള മുനിസിപ്പാലിറ്റി ആക്ടിൽ സർച്ചാർജ്ജിനെക്കുറിച്ച് പറയുന്നില്ല. എന്നിട്ടും മുനിസിപ്പാലിറ്റിക്ക് സർച്ചാർജ്ജ് ചുമത്താൻ പാടില്ലായെന്നാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 270-വകുപ്പ് ഡ്യൂട്ടി ചുമത്തുന്നതിനെക്കുറിച്ചാണ്. അപ്പോൾ വളരെ അവധാനതയില്ലാതെ കാര്യങ്ങളൊന്നും നേരാംവണ്ണം നോക്കാതെ തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. അധികാര വികേന്ദ്രീകരണമെന്ന അംഗീകൃത തത്വത്തിന് തുരങ്കം വയ്ക്കുന്നതാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 1996-2000 -ൽ അധികാര വികേന്ദ്രീകരണത്തിന്റെ ആളായിരുന്നു. ഇപ്പോൾ ഫൈനാൻസ് വകുപ്പ് കിട്ടിയപ്പോൾ അധികാര കേന്ദ്രീകരണത്തിന്റെ ആളായിരിക്കുന്നു. എല്ലാ വകുപ്പും എടുക്കുന്നതുപോലെ ഇപ്പോൾ പഞ്ചായത്ത് വകുപ്പും അങ്ങ് എടുക്കുകയാണോയെന്ന് സംശയമുണ്ട്. ഈ നിയമത്തിൽ കടന്നുകയറരുത്.

LIBRARY ARCHIVES Kerala Legislative Assembly

.....(ബഹളം)..... സമ്പൂർണ്ണ നിയമത്തിൽ ഭേദഗതി വരുത്താതെ മുനിസിപ്പൽ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് പഞ്ചായത്തിന്റെ ഒരു നിയമം റദ്ദാക്കുന്നത് ശരിയല്ല. ആ നിയമത്തെക്കുറിച്ച് ഇവിടെ പറഞ്ഞിട്ടില്ല. ഇത് തെറ്റായ കീഴ്വഴക്കമാണ്. അതിന് അങ്ങ് റൂളിംഗ് നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞ ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല. തെറ്റിദ്ധാരണയിൽനിന്ന് ഉണ്ടായിട്ടുള്ളതാണ്. അതിൽ ആദ്യം പറയാനുള്ളത്, 199-ാം വകുപ്പ്, സർച്ചാർജ്ജ് പിരിക്കാനുള്ള പഞ്ചായത്തിന്റെ അവകാശത്തെയൊന്നും റദ്ദാക്കിയിട്ടില്ല. മറിച്ച് മുദ്രപ്പത്രത്തിന്മേലുള്ള സർച്ചാർജ്ജ് പിരിക്കുന്നതാണ്. .....(ബഹളം)..... അതാണ്. അപ്പോൾ അത് പഞ്ചായത്തോ മുനുസിപ്പാലിറ്റിയോ അല്ല പിരിക്കുന്നത്. മറിച്ച് സർക്കാരാണ് പിരിക്കുന്നത്. സർക്കാർ പിരിക്കുന്ന തുക ഫിനാൻസ് കമ്മീഷന്റെ തീർപ്പുവഴിയാണ് ഇപ്പോൾ കൊടുത്തുവരുന്നത്. ഇങ്ങനെയുള്ള നികുതികൾക്കൊക്കെ പകരമായിട്ട് മൂന്ന് തരത്തിലുള്ള ഗ്രാന്റ് നൽകുമെന്നാണ് ഫിനാൻസ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. അങ്ങനെയാണ് നൽകുന്നത്. അതുകൊണ്ട് ഇത് നിയമസഭയുടെ അധികാരത്തിൽപ്പെട്ട കാര്യമാണ്. ഭരണ ഘടന വിഭാവനം ചെയ്തതുപോലെതന്നെ ടാക്സ്, ഡ്യൂട്ടി, ടോൾ, ഫീസ് ഒക്കെ പിരിക്കാമെന്നുള്ളത് നിയമസഭ ഉണ്ടാക്കിക്കൊടുക്കുന്ന നിയമമാണ്. അപ്പോൾ അത് ഭേദഗതി ചെയ്യാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. ഇത് പഞ്ചായത്തുകളുടെ അധികാരത്തേയോ വരുമാനത്തേയോ ഒന്നും പ്രതികൂലമായി ബാധിക്കുന്ന കാര്യമല്ല. മറിച്ച് സംസ്ഥാന സർക്കാർ പിരിച്ചുകൊണ്ടിരുന്ന നികുതി വേണ്ടായെന്ന് വയ്ക്കുന്നു എന്ന് മാത്രം. .....(ബഹളം)..... അതുകൊണ്ട് ഇത് നിലനിൽക്കുന്ന കാര്യമല്ല. രണ്ടാമത്തേത് .....(ബഹളം)..... I take it seriously. നിങ്ങൾ പറഞ്ഞതുപോലെയാണ് കമെന്റ് ചെയ്തത്. .....(ബഹളം)..... അപ്പോൾ.....

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് ഇവിടെ അവതരിപ്പിച്ച ഫിനാൻസ് ബിൽ അതിൽ 3, 1959-ലെ കേരള മുദ്രപ്പത്ര ആക്ടിൽ (1959-ലെ 17),- (1) 30-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്.- "30 എ; മുദ്രപ്പത്രത്തിന്മേൽ സർച്ചാർജ്ജ് ഇല്ല. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലോ, (1994-ലെ 13) 1994-ലെ മുനിസിപ്പാലിറ്റീസ് ആക്ടിലോ (1994-ലെ 20) എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കരണത്തിന്മേൽ ഒരു ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷനോ മുദ്രപ്പത്രത്തിന്മേൽ സർച്ചാർജജ് ചുമത്തുവാനോ സമാഹരിക്കുവാനോ....." ഗവൺമെന്റ് കൊടുത്താലും വാങ്ങാൻ പാടില്ല. എന്നുപറഞ്ഞാൽ ഈ പണം ധനകാര്യ വകുപ്പിന്റേതാക്കി പഞ്ചായത്ത് മാറ്റേണ്ടതാണെന്ന് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞത് ശരിയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, ഇത് സബ്സ്റ്റാൻഷ്യലായിട്ടുള്ള ഇഷ്യൂസ് ആണ്. നിയമത്തിന് രേഖാമൂലമാകത്തക്ക നിലയിൽ ഇത് ചർച്ച ചെയ്യേണ്ട കാര്യമല്ല. അതിൽ..... എങ്ങനെയാണ് ഇത് ചർച്ച ചെയ്യേണ്ടത് എന്നുള്ളത് അങ്ങുതന്നെയാണ് പറഞ്ഞത്. ശ്രീ. കെ. എം. മാണി പറഞ്ഞതിൽ ഫെയർ വാല്യൂ നോട്ടിഫിക്കേഷൻ 6-3-2010-ൽ ഇറക്കി. അത് 1-4-2010 മുതൽ full effect-ൽ വന്നുകഴിഞ്ഞു.

ശ്രീ. കെ. എം. മാണി: ഒബ്ജക്ഷൻസ് invite ചെയ്യുന്നതിന് മുമ്പുള്ള നോട്ടിഫിക്കേഷനാണ്. ഒബ്ജക്ഷൻസ് അതുകഴിഞ്ഞ് കേൾക്കണം. അത് സ്റ്റാറ്റ്യൂട്ടറിയാണ്. 28 (എ) അനുസരിച്ച് ഒബ്ജക്ഷൻ കേൾക്കേണ്ടത് സ്റ്റാറ്റ്യൂട്ടറിയാണ്. ആ ഒബ്ജക്ഷൻ കേൾക്കുന്നതിന്റെ അവധി ഈ കഴിഞ്ഞ ജൂൺ മാസം 29-ാം തീയതി ആയിരുന്നു. ജൂൺ മാസം 29-ാം തീയതിവരെ ഒബ്ജക്ഷൻസ് കേൾക്കാൻ അവധി കൊടുത്തതിനുശേഷം ഇത് കേട്ടിട്ടുള്ള ഫൈനൽ നോട്ടിഫിക്കേഷൻ ഉണ്ടായിട്ടില്ല. അങ്ങ് അതറിയാതെ പറയുന്നതാണ്.

ഡോ. തോമസ് ഐസക്: അറിഞ്ഞുതന്നെ പറയുന്നതാണ്. എന്തിനാണ് അങ്ങ് ഇത്ര ചൂടാകുന്നത്?

ശ്രീ. കെ. എം. മാണി : സീരിയസ്സായിട്ടുള്ള വിഷയം അങ്ങ് ചിരിച്ച് കളയരുത്.

ഡോ. തോമസ് ഐസക്: ശരി. ഞാൻ ചിരിക്കില്ല. ഇനി ഇന്ന് ഞാൻ ഈ നിയമസഭയിൽ ചിരിക്കുന്നതല്ല. .....(ബഹളം).....

മി. സ്പീക്കർ: അത് ശരിയല്ല. ഇനിയും ചിരിക്കുകയൊക്കെ ചെയ്യണം.

ഡോ. തോമസ് ഐസക്: സർ, രണ്ടാമതായി എനിക്ക് പറയാനുള്ളത്, ബഡ്ജറ്റ് പ്രസംഗത്തിൽ പറയാത്ത ഒരു നിർദ്ദേശവും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അത് വളരെ വിശദമായി പരിശോധിച്ചു. ആ ഉറപ്പ് ഞാൻ അങ്ങേയ്ക്ക് നൽകുകയാണ്. .....(ബഹളം).....

ശ്രീ. കെ. എം. മാണി: ഒബ്ജക്ഷൻസ് invite ചെയ്യുന്നതിന് സമയം നീട്ടിക്കൊടുത്തുകൊണ്ട് ഈ ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചു. ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസിന്റെ സമയം ജൂൺ 29-ാം തീയതിയാണ് കഴിയുന്നത്. ഫെയർ വാല്യൂ റൂൾസ് 5(4) അനുസരിച്ച് കളക്ടർമാർക്ക് ഇതിന്മേൽ തീരുമാനമെടുക്കാൻ മൂന്നുമാസത്തെ സമയം ഉണ്ട്. അതിൽനിന്നും ന്യായമായ, നിയമപരമായ ഉത്തരം പറയാതെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എല്ലാം ചിരിച്ച്, അതൊക്കെയാവാം എന്നുപറഞ്ഞ് പോയാൽ പറ്റുമോ? ഞാൻ സൈറ്റ് ചെയ്തു. ബഡ്ജറ്റിൽ ഇല്ലാത്ത നിരവധി വിഷയങ്ങൾ, ഇല്ലാത്തത് ഒന്നുമില്ലായെന്ന് ഒറ്റ ഒരുത്തരം പറഞ്ഞാൽ മതിയോ? ഞാൻ പറഞ്ഞത് അക്കമിട്ട് പറഞ്ഞത് ശരിയല്ല എന്നുപറഞ്ഞ് അതിനെ നേരിടേണ്ട ധനകാര്യ വകുപ്പുമന്ത്രി ഇതെല്ലാം ഉണ്ട് എന്ന് പറഞ്ഞാൽ എന്തെങ്കിലും കാര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, ഫെയർ വാല്യു സംബന്ധിച്ച് സഭയുടെ അറിവിനുവേണ്ടി പറയാം. സർക്കാരിന്റെ ഇപ്പോഴത്തെ ചിന്ത ഇതിലുള്ള പോരായ്മകൾ, ഈ 29-ാം തീയതിയും നിറുത്തേണ്ട, ഇങ്ങനെ തെറ്റുണ്ട്, പോരായ്മയുണ്ട് എന്ന് എപ്പോഴാണോ തോന്നുന്നത്, അപ്പോൾ ഒബ്ജക്ഷൻ റെയ്സ് ചെയ്യാനുള്ള അനുവാദം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കാരണം സാധനം വിൽക്കാൻ പോകുമ്പോഴല്ലേ ആളുകൾ പലപ്പോഴും വന്ന് നോക്കുക. അതുകൊണ്ട് പ്രഖ്യാപിച്ചുപോയി എന്നുപറഞ്ഞ് അവസാനമായി എടുക്കേണ്ട, ഒബ്ജക്ഷൻ ഉണ്ടെങ്കിൽ റെയ്സ് ചെയ്യാം. അത് തിരുത്തുന്നതിനുള്ള പ്രൊസീഡ്യുവറും laydown ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹം വ്യാഖ്യാനിച്ചത്, ഇങ്ങനെ വന്നാൽ അതിനെയും ബാധിക്കും. അങ്ങനെ ബാധിച്ചിട്ടുണ്ട് എന്ന് പറഞ്ഞാണ് ഇക്കാര്യങ്ങൾ പറഞ്ഞത്. ഞാൻ വീണ്ടും പറയുന്നു, ബഡ്ജറ്റ് പ്രസംഗത്തിൽ ഇല്ലാത്ത ഒരു കാര്യവും ഈ ബില്ലിൽ കൊണ്ടുവന്നിട്ടില്ല.

ശ്രീ. കെ. എം. മാണി : ബഡ്ജറ്റിൽ ഇല്ലാത്തത് അങ്ങ് നീക്കം ചെയ്യുമോ? അങ്ങ് പറഞ്ഞാൽ മതി. ബഡ്ജറ്റിൽ ഇല്ലാത്തത് ഈ ബില്ലിൽ നിന്നും നീക്കം ചെയ്യുമോ? ഉത്തരമില്ല. എഴുതിക്കോ? നോട്ട് ചെയ്യണം. ഉത്തരമില്ല.

## റൂളിംഗ്

മി. സ്പീക്കർ : ശ്രീ. കെ. എം മാണിയും, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും റെയ്സ് ചെയ്ത ക്രമപ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഇനി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് ചെയറിന് പറയാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഒരു ചെറിയ പ്രസ്താവന ആമുഖമായിട്ട് നടത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ചിരിക്കുന്ന ജി.എസ്.ടി. നടപ്പാക്കാനുള്ള സമയബന്ധിത പരിപാടിയനുസരിച്ച് കാര്യങ്ങൾ നീങ്ങിയാൽ ഒരുപക്ഷേ വാറ്റ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള അവസാനത്തെ ഫിനാൻസ് ബിൽ ആയിരിക്കും സഭ കൈകാര്യം ചെയ്യാൻ പോകുന്നത്. ബഡ്ജറ്റ് സമ്മേളനം നടക്കുന്നതുകൊണ്ട് അതു സംബന്ധിച്ച യോഗത്തിൽ പങ്കെടുക്കാൻ പോയില്ലെങ്കിലും ഇപ്പോൾ വിവരങ്ങളെല്ലാം അറിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളെ പൊതുവിൽ കേരളം സ്വാഗതം ചെയ്യുകയാണ്. ചില കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഉണ്ടാകാമെങ്കിലും അത് ജി.എസ്.ടി. നടപ്പാക്കുന്നതിന് തടസ്സമാകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly